# യുഗപ്പൊരുൾ

നമുക്ക് വിശാലമായ വീഥികളുണ്ട്,
പക്ഷെ, വീക്ഷണങ്ങളോ - തീരെ സ
ങ്കുചിതം!
വലിയ വീടുകളുണ്ട്,
പക്ഷെ, കുടുംബങ്ങളോ- ചെറുത്.
എത്രയോ വാങ്ങിക്കൂട്ടുന്നുണ്ട്,
പക്ഷെ, ഉപയോഗിക്കുന്നതെത്ര തു
ച്ഛം.
എന്തെല്ലാം സൗകര്യങ്ങൾ-
പക്ഷെ, സമയമോ തീരെയില്ല!
ബിരുദങ്ങളനവധി
പക്ഷെ, അറിവെത്ര കുറവ്.
മരുന്നുകളെത്രയോ ഉണ്ട്,
പക്ഷെ, ആരോഗ്യമേയില്ല.
സമ്പാദിച്ചതൊരുപാട്,
പക്ഷെ, മൂല്യമേയില്ല.
ബഹിരാകാശത്തും നമ്മുടെ സാന്നി
ദ്ധ്യമുണ്ട്,
പക്ഷെ, നമ്മുടെ അന്തരസ്ഥലികളോ
ശൂന്യം.
തോരാമഴപോലെ സംസാരം,
പക്ഷെ, സ്നേഹത്തിന്റെ തുള്ളി മധു
രം പോലുമില്ല. (വിവ: കൈരളി)